മലയാളം MALAYALAM مالايالم :

**2026 സെപ്റ്റംബർ 11 (29 റബീഉൽ അവ്വൽ 1448) വെള്ളിയാഴ്ച**

# تَرْبِيَةُ الْأَوْلَادِ

## മക്കളുടെ ശിക്ഷണം (തർബിയത്ത്)

നിശ്ചയമായും എല്ലാ സ്തുതിയും അല്ലാഹുവിന്നുള്ളതാണ്. നമ്മൾ അവനെ സ്തുതിക്കുകയും അവനോട് സഹായം തേടുകയും മാപ്പ് ഇരക്കുകയും ചെയ്യുന്നു. നമ്മുടെ ആത്മാക്കളുടെ തിന്മകളിൽ നിന്നും അധർമ്മങ്ങളിൽ നിന്നും നമ്മൾ അല്ലാഹുവിൽ അഭയം തേടുന്നു. അല്ലാഹു ആരെ നേർവഴിയിലാക്കുന്നുവോ അവനെ വഴിപിഴപ്പിക്കാൻ ആരുമില്ല. അവൻ ആരെ വഴിപിഴപ്പിക്കുന്നുവോ അവനെ നേർവഴിയിലാക്കാനും ആരുമില്ല. അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി (സ) അവന്റെ ദാസനും ദൂതനുമാണെന്നും, അവന്റെ സൃഷ്ടികളിൽ വെച്ച് ഉത്തമനും ഉറ്റമിത്രവുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുന്ന് അമാനത്ത് (ഉത്തരവാദിത്തം) വീട്ടുകയും, ദൗത്യം എത്തിച്ചുകൊടുക്കുകയും, അല്ലാഹുവിന്റെമാർഗത്തിൽ അർഹിക്കുന്ന രീതിയിൽ പ്രയത്നിക്കുകയും ചെയ്തു. ആ ഉറപ്പായ കാര്യം (മരണം) വന്നെത്തുന്നതുവരെ അവിടുന്ന് അത് തുടർന്നു. അല്ലാഹു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബികൾക്കും നിരവധിയായ സ്വലാത്തും സലാമും വർഷിക്കട്ടെ.

അല്ലാഹു തആലാ പറയുന്നു:

{يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ} [آل عمران: 102]
*"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായല്ലാതെ മരിക്കാനിടയാവരുത്."* [ആലുഇംറാൻ: 102]

ശേഷം:
ഏറ്റവും സത്യസന്ധമായ വാക്ക് അല്ലാഹുവിന്റെ ഗ്രന്ഥമാണ്. ഏറ്റവും ഉത്തമമായ മാർഗം മുഹമ്മദ് നബി (സ) യുടെ മാർഗമാണ്. കാര്യങ്ങളിൽ ഏറ്റവും മോശമായത് (ദീനിൽ) പുതുതായി നിർമിച്ചുണ്ടാക്കിയവയാണ്. പുതുതായി നിർമിച്ചുണ്ടാക്കിയവയെല്ലാം ബിദ്അത്തുകളാണ്. എല്ലാ ബിദ്അത്തുകളും വഴികേടാണ്. എല്ലാ വഴികേടുകളും നരകത്തിലുമാണ്.

അല്ലാഹുവിന്റെ ദാസന്മാരേ,
സന്താനങ്ങൾ ദൈവീകമായ അനുഗ്രഹവും റബ്ബിൽ നിന്നുള്ള ദാനവുമാണ്.
അല്ലാഹു താൻഉദ്ദേശിക്കുന്നദാസന്മാർക്ക് അത്നൽകിഅനുഗ്രഹിക്കുന്നു.

അല്ലാഹു തആലാ പറയുന്നു:

**{وَاللَّهُ جَعَلَ لَكُمْ مِنْ أَنْفُسِكُمْ أَزْوَاجًا وَجَعَلَ لَكُمْ مِنْ أَزْوَاجِكُمْ بَنِينَ وَحَفَدَةً وَرَزَقَكُمْ مِنَ الطَّيِّبَاتِ} [النحل: 72]**
*"അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ കൂട്ടത്തിൽ നിന്നുതന്നെ ജോടികളെ ഉണ്ടാക്കി ത്തരികയും നിങ്ങളുടെ ജോടികളിൽ നിന്ന് നിങ്ങൾക്ക് മക്കളെയും പേരമക്കളെയും ഉണ്ടാക്കിത്തരികയും നല്ല വസ്തുക്കളിൽ നിന്ന് നിങ്ങൾക്ക് ഉപജീവനം നൽകുക യും ചെയ്തിരിക്കുന്നു."*[അന്നഹ്ൽ: 72]

സന്താനങ്ങൾ ജീവിതത്തിന്റെ അലങ്കാരവും ആനന്ദവുമാണ്. ദാനങ്ങളിൽ വെച്ച് ഏറ്റവും മഹത്തരവും വിലപിടിപ്പുള്ളതുമാണത്. അവർ നല്ലവരായിത്തീരു മ്പോൾ കണ്ണുകൾക്ക് കുളിർമയും മനസ്സിന് ശാന്തതയും ഹൃദയത്തിന് സന്തോഷവും ലഭിക്കുന്നു. അതുകൊണ്ടാണ് റഹ്മാന്റെ ദാസന്മാരുടെ പ്രാർത്ഥനകളിൽ ഇപ്രകാരം ഉൾപ്പെട്ടത്:

**{رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا} [الفرقان: 74]**
*"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പങ്കാളികളിൽ നിന്നും സന്താനങ്ങളിൽ നിന്നും ഞങ്ങൾക്ക് നീ കണ്കുളിർമ നൽകുകയും ഭയഭക്തിയുള്ളവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ."*[അൽ-ഫുർഖാൻ: 74]

ഒരു ദാസന് അല്ലാഹു നൽകുന്ന ഏറ്റവും വലിയ തൗഫീഖ് (വിജയം), അവന്റെ പാരമ്പര്യത്തിൽ നിന്ന് അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവർ ഉണ്ടാകുന്നതാണ്. തന്റെ മകൻ കൺമുന്നിൽ നമസ്കരിക്കുന്നതും ഖുർആൻ ആയത്തുകൾ ഓതുന്നതും കാണുമ്പോൾ അവനിൽ സന്തോഷം അലതല്ലുന്നു. അതിനാൽ സന്താനങ്ങളുടെ സ്വലാഹ് (നന്മ/സ്വഭാവഗുണം) എന്നത് അത്യധികം ആഗ്രഹി ക്കപ്പെടുന്ന ഒന്നാണ്, അത് അല്ലാഹുവിന്റെ തൗഫീഖ് മൂലം മാത്രമാണ് ലഭിക്കുന്നത്.

സത്യവിശ്വാസികളേ,
കുട്ടികളുടെ വളർത്തലും ശിക്ഷണവും (തർബിയത്ത്) വലിയൊരു ഉത്തരവാദി ത്തവും മഹത്തായ ദൗത്യവുമാണ്. പ്രത്യേകിച്ചും ആധുനിക യുഗത്തിൽ നമ്മൾ ജീവിക്കുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ. നല്ല തർബിയത്തിന് ക്ഷമ, വിവേകം, ഗൗരവം, അനുഭവപരിചയം എന്നിവ ആവശ്യമാണ്. ഇന്നത്തെ മക്കളുടെ തർബിയത്ത് ഇന്നലത്തെപ്പോലെയല്ല. മാർഗങ്ങൾ മാറി, സ്വാധീനിക്കുന്ന ഘടകങ്ങൾ വർദ്ധിച്ചു, വെല്ലുവിളികൾ വേഗത്തിലായി. ഇന്ന് മകൻ ജീവിക്കുന്നത് തുറന്ന ഒരു ലോകത്താണ്. മാതാപിതാക്കളിൽ നിന്നോ അധ്യാപകരിൽ നിന്നോ കേൾക്കുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ അവൻ ഇത്തരം മാധ്യമങ്ങളിലൂടെ കാണുകയും കേൾക്കുകയും സ്വാധീനിക്കപ്പെടുകയും ചെയ്യുന്നു. അതിനാൽ ഇന്നത്തെ തർബിയത്ത് ഒരു ദിവസേനയുള്ള ജിഹാദും നിർത്താതെയുള്ള ക്ഷമ യുമാണ്. അല്ലാഹു തആലാ പറയുന്നു:

**{يَا أَيُّهَا الَّذِينَ آمَنُوا قُوا أَنْفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا النَّاسُ وَالْحِجَارَةُ} [التَّحْرِيم:6]**

*"സത്യവിശ്വാസികളേ, നിങ്ങളുടെ ആത്മാക്കളെയും നിങ്ങളുടെ വീട്ടുകാരെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയില്‍ നിന്ന് നിങ്ങള്‍ രക്ഷിക്കുക."* **[അത്തഹ്‌രീം: 6]**

**ഹാഫിള് ഇബ്നു കസീര്‍ (റഹിമഹുല്ലാഹ്) പറഞ്ഞു: "അതായത്, അവരോട് നന്മ കല്‍പ്പിക്കുകയും തിന്മയില്‍ നിന്ന് വിലക്കുകയും ചെയ്യുക. അന്ത്യനാളില്‍ നരകം അവരെ തിന്നുതീര്‍ക്കുന്ന രീതിയില്‍ അവരെ അവഗണിച്ച് വെറുതെ വിടരുത്."**

**അനുഗൃഹീതരായ ജനങ്ങളേ,**
**ഈ വെല്ലുവിളികളുടെ കാലഘട്ടത്തില്‍ മക്കളുടെ വളര്‍ത്തലിന് ഏറ്റവും കൂടുതല്‍ സഹായിക്കുന്ന ഒന്നാണ് ചെറുപ്പത്തിലേ അവരുടെ ഹൃദയങ്ങളില്‍ ഈമാന്‍ (വിശ്വാസം) നട്ടുപിടിപ്പിക്കുക എന്നത്. ഹൃദയം ഈമാന്‍ കൊണ്ട് നിറഞ്ഞാല്‍ അവയവങ്ങള്‍ നേര്‍വഴിയിലാവുകയും സ്വഭാവം ശുദ്ധമാവുകയും ചെയ്യും. മേല്‍നോട്ടം വഹിക്കുന്നവര്‍ ഇല്ലെങ്കിലും കുട്ടി സ്വയം അല്ലാഹുവിന്‍റെ നിരീക്ഷണം അനുഭവിക്കുകയും ശരിയായ പാതയില്‍ നിലകൊള്ളുകയും ചെയ്യും. ഇബ്നു അബ്ബാസ് (റ) വില്‍ നിന്ന് നിവേദനം:**

**عَنِ ابْنِ عَبَّاسٍ رَضِيَ اللَّهُ عَنْهُمَا قَالَ: كُنْتُ خَلْفَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَوْمًا، فَقَالَ: "يَا غُلَامُ، إِنِّي أُعَلِّمُكَ كَلِمَاتٍ، احْفَظِ اللَّهَ يَحْفَظْكَ، احْفَظِ اللَّهَ تَجِدْهُ تُجَاهَكَ، إِذَا سَأَلْتَ فَاسْأَلِ اللَّهَ، وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللَّهِ، وَاعْلَمْ أَنَّ الْأُمَّةَ لَوِ اجْتَمَعَتْ عَلَى أَنْ يَنْفَعُوكَ بِشَيْءٍ لَمْ يَنْفَعُوكَ إِلَّا بِشَيْءٍ قَدْ كَتَبَهُ اللَّهُ لَك، وَلَوِ اجْتَمَعُوا عَلَى أَنْ يَضُرُّوكَ بِشَيْءٍ لَمْ يَضُرُّوكَ إِلَّا بِشَيْءٍ قَدْ كَتَبَهُ اللَّهُ عَلَيْكَ، رُفِعَتِ الْأَقْلَامُ وَجَفَّتِ الصُّحُفُ" [رَوَاهُ التِّرْمِذِيُّ وَصَحَّحَهُ]**

*"ഒരിക്കല്‍ ഞാന്‍ അല്ലാഹുവിന്‍റെ റസൂല്‍ (സ) യുടെ പിറകില്‍ (വാഹനത്തില്‍) യാത്ര ചെയ്യുകയായിരുന്നു. അപ്പോള്‍ അവിടുന്ന് പറഞ്ഞു: ഹേ കുട്ടീ, ഞാന്‍ നിനക്ക് ചില വാക്കുകള്‍ പഠിപ്പിച്ചു തരാം: നീ അല്ലാഹുവിനെ സൂക്ഷിക്കുക, അല്ലാഹു നിന്നെ സൂക്ഷിക്കും. നീ അല്ലാഹുവിനെ സൂക്ഷിക്കുക, നിനക്ക് അവനെ നിന്‍റെ മുന്നില്‍ കാണാം. നീ ചോദിക്കുകയാണെങ്കില്‍ അല്ലാഹുവോട് ചോദിക്കുക, സഹായം തേടുകയാണെങ്കില്‍ അല്ലാഹുവോട് സഹായം തേടുക. അറിയുക, നിനക്ക് എന്തെങ്കിലും ഉപകാരം ചെയ്യാന്‍ ഈ സമുദായം മുഴുവന്‍ ഒന്നിച്ചുകൂടിയാലും, അല്ലാഹു നിനക്ക് രേഖപ്പെടുത്തിയത് അല്ലാതെ ഒന്നും ചെയ്യാനാകില്ല. നിനക്ക് എന്തെങ്കിലും ഉപദ്രവം വരുത്താന്‍ അവര്‍ ഒന്നിച്ചുകൂടിയാലും, അല്ലാഹു നിനക്കെതിരെ രേഖപ്പെടുത്തിയത് അല്ലാതെ ഒന്നും ചെയ്യാനാകില്ല. പേനകള്‍ ഉയര്‍ത്തപ്പെട്ടു, ഏടുകള്‍ ഉണങ്ങിപ്പോയി."* **[തിര്‍മിധി ഉദ്ധരിച്ചതും സ്വഹീഹാക്കിയതും]**

**സത്യവിശ്വാസികളേ,**
**ആണ്‍കുട്ടികളുടെയും പെണ്‍കുട്ടികളുടെയും ശിക്ഷണത്തില്‍ പ്രയോജനകരമായ ഒരു മാര്‍ഗമാണ്: കല്‍പ്പനകള്‍ അനുസരിക്കുന്നതിലും വിരോധിച്ച കാര്യങ്ങളില്‍ നിന്നും തടയപ്പെട്ടവയില്‍ നിന്നും അകന്നുനില്‍ക്കുന്നതിലും ചെറുപ്പത്തിലെ നല്‍കുന്ന ശിക്ഷണം. അല്ലാഹു തആലാ പറയുന്നു:**

**{وَأْمُرْ أَهْلَكَ بِالصَّلَاةِ وَاصْطَبِرْ عَلَيْهَا لَا نَسْأَلُكَ رِزْقًا نَحْنُ نَرْزُقُكَ وَالْعَاقِبَةُ لِلتَّقْوَى} [طه: 132]**

*"നിന്റെ കുടുംബത്തോട് നമസ്കരിക്കാൻ കൽപിക്കുക. അതിൽ നീ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. നിന്നോട് നമ്മൾ ഉപജീവനം ചോദിക്കുന്നില്ല. നമ്മളാണ് നിനക്ക് ഉപജീവനം നൽകുന്നത്. അന്ത്യഫലം ഭയഭക്തിക്കുള്ളതാകുന്നു."* **[ത്വാഹാ: 132]**

**തന്റെ മകനോടും കരളിന്റെ കഷണത്തോടും ലുഖ്മാൻ (അ) ഉപദേശിക്കുന്നത് ഉദ്ധരിച്ചുകൊണ്ട് അല്ലാഹു തആലാ പറയുന്നു:**

**{يَابُنَيَّ أَقِمِ الصَّلَاةَ وَأْمُرْ بِالْمَعْرُوفِ وَانْهَ عَنِ الْمُنْكَرِ وَاصْبِرْ عَلَى مَا أَصَابَكَ إِنَّ ذَلِكَ مِنْ عَزْمِ الْأُمُورِ} [لقمان: 17]**

*"എന്റെ കൊച്ചുമകനേ, നീ നിസ്കാരം ശരിയായി നിർവഹിക്കുക. നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക. നിനക്ക് ബാധിച്ച കാര്യങ്ങളിൽ ക്ഷമിക്കുക. തീർച്ചയായും അത് ദൃഢനിശ്ചയം ചെയ്യേണ്ട കാര്യങ്ങളിൽ പെട്ടതാണ്."* **[ലുഖ്മാൻ: 17]**

**അബ്ദുല്ലാഹിബ്നു അംറ് (റ) വിൽ നിന്ന് നിവേദനം: പ്രവാചകൻ (സ) പറഞ്ഞു:**

**"مُرُوا أَوْلَادَكُمْ بِالصَّلَاةِ وَهُمْ أَبْنَاءُ سَبْعِ سِنِينَ، وَاضْرِبُوهُمْ عَلَيْهَا وَهُمْ أَبْنَاءُ عَشْرٍ، وَفَرِّقُوا بَيْنَهُمْ فِي الْمَضَاجِعِ" [رَوَاهُ أَبُو دَاوُدَ وَالتِّرْمِذِيُّ وَصَحَّحَهُ]**

*"നിങ്ങളുടെ മക്കൾക്ക് ഏഴ് വയസ്സാകുമ്പോൾ നമസ്കരിക്കാൻ അവരോട് കൽപിക്കുക. പത്ത് വയസ്സാകുമ്പോൾ നമസ്കരിച്ചില്ലെങ്കിൽ അവരെ അടിച്ച് ശിക്ഷിക്കുക, ഉറങ്ങുന്ന കിടക്കകളിൽ അവരെ തമ്മിൽ വേർപിരിക്കുകയും ചെയ്യുക."* **[അബൂദാവൂദും തിർമിധിയും ഉദ്ധരിച്ചതും സ്വഹീഹാക്കിയതും]**

**മാത്രമല്ല, പ്രവാചകൻ (സ) കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുകയും അവരുടെ അവസ്ഥകൾ അന്വേഷിക്കുകയും ചെയ്യുമായിരുന്നു. കുട്ടികളോടുള്ള അവിടുത്തെ രീതി പരിഗണനയും കരുണയോടും ദയയോടുമുള്ള അന്വേഷണവും അടിസ്ഥാനമാക്കിയുള്ളതായിരുന്നു. കുട്ടിയുടെ നിസ്കാരത്തെക്കുറിച്ച് അവിടുന്ന് അന്വേഷിച്ചിരുന്നത് അതിന്്റെ പ്രാധാന്യം അവന് ബോധ്യപ്പെടാനും, അത് ശീലമാക്കാനും, അല്ലാഹുവുമായുള്ള ബന്ധത്തിൽ വളർന്നുവരാനും വേണ്ടിയായിരുന്നു. ഇബ്നു അബ്ബാസ് (റ) വിൽ നിന്ന് നിവേദനം:**

**عَنِ ابْنِ عَبَّاسٍ رَضِيَ اللَّهُ عَنْهُمَا قَالَ: بِتُّ عِنْدَ خَالَتِي مَيْمُونَةَ، فَجَاءَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بَعْدَمَا أَمْسَى، فَقَالَ: "أَصَلَّى الْغُلَامُ؟" قَالُوا: نَعَمْ. [رَوَاهُ أَبُو دَاوُدَ وَصَحَّحَهُ الْأَلْبَانِيُّ]**

*"ഞാൻ എന്റെ മാതൃസഹോദരി മൈമൂന (റ) യുടെ വീട്ടിൽ രാത്രി തങ്ങി. വൈകുന്നേരത്തിന് ശേഷം റസൂലുല്ലാഹി (സ) അവിടെ വന്നു, എന്നിട്ട് ചോദിച്ചു: 'ഈ കുട്ടി നിസ്കരിച്ചോ?' അവർ പറഞ്ഞു: 'അതെ'."* **[അബൂദാവൂദ് ഉദ്ധരിച്ചതും അൽബാനി സ്വഹീഹാക്കിയതും]**

പ്രവാചകൻ (സ) യുടെ പ്രബോധനം ബാഹ്യമായ ഇബാദത്തുകളിൽ മാത്രം ഒതുങ്ങിയിരുന്നില്ല, മറിച്ച് ഭക്ഷണത്തിലും പാനീയത്തിലുമുള്ള കൃത്യമായ മര്യാദകളിലേക്കും സ്വഭാവങ്ങളിലേക്കും വരെ അത് നീണ്ടിരുന്നു. ഉമർ ബിൻ അബീ സലമ (റ) വിൽ നിന്ന് നിവേദനം:

عَنْ عُمَرَ بْنِ أَبِي سَلَمَةَ رَضِيَ اللَّهُ عَنْهُمَا، قَالَ: كُنْتُ غُلَامًا فِي حَجْرِ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، وَكَانَتْ يَدِي تَطِيشُ فِي الصَّحْفَةِ، فَقَالَ لِي رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: «يَا غُلَامُ، سَمِّ اللَّهَ، وَكُلْ بِيَمِينِكَ، وَكُلْ مِمَّا يَلِيكَ» فَمَا زَالَتْ تِلْكَ طِعْمَتِي بَعْدُ [رَوَاهُ الْبُخَارِيُّ وَمُسْلِمٌ]

*"ഞാൻ പ്രവാചകൻ (സ) യുടെ സംരക്ഷണയിൽ കഴിയുന്ന ഒരു കുട്ടിയായിരുന്നു. ഭക്ഷണപ്പാത്രത്തിൽ എന്റെ കൈ നാലുപാടും നടക്കുമായിരുന്നു. അപ്പോൾ പ്രവാചകൻ (സ) എന്നോട് പറഞ്ഞു: 'കുട്ടീ, അല്ലാഹുവിന്റെ നാമം സ്മരിക്കുക (ബിസ്മി ചൊല്ലുക), നിന്റെ വലതുകൈ കൊണ്ട് തിന്നുക, നിന്റെ അടുത്തുള്ള ഭാഗത്ത് നിന്ന് തിന്നുക.' അതിനുശേഷം എന്റെ ഭക്ഷണരീതി ഇപ്രകാരം തന്നെയായിരുന്നു."* [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]

മുസ്‌ലിംകളേ,
നമ്മുടെ കാലഘട്ടത്തിൽ തർബിയത്തിനെ നശിപ്പിച്ച വാചകങ്ങളിൽ ഒന്നാണ് "അവനെ വിട്ടേക്കൂ, അവൻ ചെറിയ കുട്ടിയല്ലേ" എന്ന പറച്ചിൽ. തെറ്റുകളെ ന്യായീകരിക്കുകയും, ഉപദേശത്തിന്റെ വെളിച്ചം അണച്ചുകളയുകയും, അവഗണനയുടെ വാതിൽ തുറക്കുകയും ചെയ്യുന്ന വാക്കാണിത്. കുട്ടി തനിക്ക് തോന്നിയതെല്ലാം ചെയ്യുന്നു, അത് ചോദ്യം ചെയ്യപ്പെടുന്നില്ല. പെൺകുട്ടി തനിക്കിഷ്ടമുള്ള വസ്ത്രം ധരിക്കുന്നു, അത് തടയപ്പെടുന്നില്ല. അങ്ങനെ ആ തലമുറ തെറ്റിൽ വളരുകയും, അശ്രദ്ധ ശീലിക്കുകയും, പറയുന്നതിനെ കുറിച്ച് വേവലാതിപ്പെടാതിരിക്കുകയും ചെയ്യുന്നു. എന്നാൽ ചെറുപ്പത്തിലേ നല്ല രീതിയിൽ വളർത്തപ്പെടുന്നവന്റെ ജീവിതം വലുതാകുമ്പോൾ വിരിഞ്ഞു നിൽക്കും. അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം:

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: أَخَذَ الْحَسَنُ بْنُ عَلِيٍّ رَضِيَ اللَّهُ عَنْهُمَا تَمْرَةً مِنْ تَمْرِ الصَّدَقَةِ، فَجَعَلَهَا فِي فِيهِ، فَقَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: «كِخْ كِخْ»، لِيَطْرَحَهَا، ثُمَّ قَالَ: «أَمَا شَعَرْتَ أَنَّا لَا نَأْكُلُ الصَّدَقَةَ» [رَوَاهُ الْبُخَارِيُّ]

*"ഹസൻ ബിൻ അലി (റ) സദഖയുടെ (ദാനധർമ്മത്തിന്റെ) ഈത്തപ്പഴങ്ങളിൽ നിന്ന് ഒരു ഈത്തപ്പഴമെടുത്ത് തന്റെ വായിലിട്ടു. അപ്പോൾ പ്രവാചകൻ (സ) അത് തുപ്പിക്കളയാനായി 'കിഖ്, കിഖ്' (ഛീ, ഛീ) എന്ന് പറഞ്ഞു. ശേഷം അവിടുന്ന് ചോദിച്ചു: 'നമ്മൾ സദഖ തിന്നുകയില്ല എന്ന് നിനക്ക് അറിയില്ലേ?'"* [ബുഖാരി ഉദ്ധരിച്ചത്]

ഇബ്നുൽ ഖയ്യിം (റഹിമഹുല്ലാഹ്) പറഞ്ഞു: "തന്റെ കുട്ടിക്ക് ഉപകാരപ്പെടുന്നത് പഠിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും അവനെ വെറുതെ വിടുകയും ചെയ്യുന്നവൻ അവനോട് കടുത്ത അനീതിയാണ് കാണിക്കുന്നത്. ഭൂരിഭാഗം മക്കളുടെയും നാശത്തിന് കാരണം മാതാപിതാക്കളും അവരുടെ അശ്രദ്ധയുമാണ്. മക്കൾക്ക് ദീനിന്റെ ഫർളുകളും സുന്നത്തുകളും പഠിപ്പിക്കാത്തതാണ് കാരണം. ചെറുപ്പത്തിൽ മാതാപിതാക്കൾ അവരെ നശിപ്പിച്ചു, അങ്ങനെ വളർന്നു

വലുതായപ്പോൾ അവർക്ക് സ്വയം ഉപകാരപ്പെടാനോ മാതാപിതാക്കൾക്ക് ഉപകാരപ്പെടാനോ സാധിച്ചില്ല."

*(കവിത)*

هِيَ الْأَخْلَاقُ تَنْبُتُ كَالنَّبَاتِ ... إِذَا سُقِيَتْ بِمَاءِ الْمَكْرُمَاتِ
تَقُومُ إِذَا تَعَهَّدَهَا الْمُرَبِّي ... عَلَى سَاقِ الْفَضِيلَةِ مُثْمِرَاتِ

സ്വഭാവമെന്നത് ചെടിയെപ്പോലെ മുളച്ചുവരുന്നു...
മഹത്തായ ഗുണങ്ങളുടെ വെള്ളം കൊണ്ട് നനയ്ക്കപ്പെട്ടാൽ!

ശിക്ഷകൻ അതിനെ വേണ്ടതുപോലെ പരിചരിച്ചാൽ...
അത് നന്മയുടെ തണ്ടിൽ ഫലഭൂയിഷ്ഠമായി നിലകൊള്ളും!

മഹത്തായ ഖുർആൻ കൊണ്ട് അല്ലാഹു എനിക്കും നിങ്ങൾക്കും അനുഗ്രഹം ചൊരിയട്ടെ. അതിലെ ആയത്തുകളും തത്തോപദേശങ്ങളും കൊണ്ട് എനിക്കും നിങ്ങൾക്കും പ്രയോജനം നൽകട്ടെ. ഞാൻ ഈ വാക്ക് പറയുകയും എനിക്കും നിങ്ങൾക്കും വേണ്ടി എല്ലാ പാപങ്ങളിൽ നിന്നും അല്ലാഹുവോട് മാപ്പ് തേടുകയും ചെയ്യുന്നു. നിങ്ങൾ അവനോട് മാപ്പ് തേടുകയും തൗബ ചെയ്യുകയും ചെയ്യുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

## الخطبة الثانية രണ്ടാം ഖുതുബ

അല്ലാഹുവിന്റെ അപാരമായ ഉദാരതയ്ക്ക് അവന് സ്തുതി. അവന്റെ തൗഫീഖിനും ഔദാര്യങ്ങൾക്കും അവന് കൃതജ്ഞത രേഖപ്പെടുത്തുന്നു. അവന്റെ പ്രീതിയിലേക്ക് ക്ഷണിച്ച പ്രവാചകൻ മുഹമ്മദ് ബിൻ അബ്ദില്ലാഹിക്കും, അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും, അന്ത്യനാൾ വരെ അവിടുത്തെ പാത പിന്തുടർന്നവർക്കും അല്ലാഹുവിന്റെ സ്വലാത്തും സലാമും ഉണ്ടായിരിക്കട്ടെ.

ശേഷം:
അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ അല്ലാഹുവിനെ അർഹിക്കുന്ന രീതിയിൽ സൂക്ഷിക്കുക (തഖ്‌വ പാലിക്കുക). രഹസ്യത്തിലും പരസ്യത്തിലും അവനെ ഭയപ്പെടുക. അവിടുത്തേക്കാണ് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നത് എന്ന് മനസ്സിലാക്കുക.

മുസ്‌ലിംകളേ,
മക്കളുടെ ശിക്ഷണത്തിൽ സഹായിക്കുന്ന പ്രധാന മാർഗങ്ങളിലൊന്നാണ് നല്ല മാതൃക (الْقُدْوَةَ الْحَسَنَةَ ഖുദ്‌വഹസന) ആവുക എന്നത്. അത് വാക്കുകളില്ലാത്ത തർബിയത്താണ്; കുട്ടികളുടെ മനസ്സിൽ നിശബ്ദമായി അത് പ്രവർത്തിക്കും.

ഉന്നതമായ സ്വഭാവവും പരിശുദ്ധമായ മാതൃകയും കണ്ടാണ് കുട്ടി വളരുന്നത്. അതുകൊണ്ടുതന്നെ, കുട്ടിയുടെ സ്വഭാവത്തിൽ വക്രതയും അസ്ഥിരതയും വരുത്തുന്ന ഏറ്റവും അപകടകരമായ കാര്യം: വാക്കുകളും പ്രവൃത്തികളും തമ്മിലുള്ള വൈരുധ്യം അവൻ കാണുന്നതാണ്. അല്ലാഹു തആലാ തന്റെ പ്രവാചകൻ (സ) യോട് തനിക്ക് മുമ്പ് കഴിഞ്ഞുപോയ പ്രവാചകന്മാരെ മാതൃകയാക്കാൻ കൽപ്പിച്ചിട്ടുണ്ട്:

**{أُولَئِكَ الَّذِينَ هَدَى اللَّهُ فَبِهُدَاهُمُ اقْتَدِهْ} [الأنعام: 90]**

*"അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടരുക."*[അൽ-അൻആം: 90]

കൂടാതെ, പ്രവാചകൻ (സ) യുടെ എല്ലാ വാക്കുകളിലും പ്രവൃത്തികളിലും അവസ്ഥകളിലും അവിടുത്തെ മാതൃകയാക്കാൻ അല്ലാഹു ഈ സമുദായത്തിന് മാർഗനിർദേശം നൽകുകയും ചെയ്തു:

**{لَقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ لِمَنْ كَانَ يَرْجُو اللَّهَ وَالْيَوْمَ الْآخِرَ وَذَكَرَ اللَّهَ كَثِيرًا} [الأحزاب: 21]**

*"തീർച്ചയായും അല്ലാഹുവിന്റെ ദൂതനിൽ നിങ്ങൾക്ക് ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവിനെയും അന്ത്യദിനത്തെയും പ്രതീക്ഷിക്കുകയും അല്ലാഹുവിനെ ധാരാളമായി ഓർമ്മിക്കുകയും ചെയ്യുന്നവർക്ക്."*[അൽ-അഹ്സാബ്: 21]

സമൂഹനിർമ്മിതിയുടെ പ്രധാന തൂണുകളിലൊന്നാണ് നല്ല മാതൃകയുടെ സാന്നിധ്യമെന്നും, തങ്ങൾക്ക് ചുറ്റുമുള്ളവർക്ക് ഉപകാരപ്പെടുന്ന നല്ല വ്യക്തികളെ വളർത്തിയെടുക്കുന്നതിലെ പ്രധാന കാരണമാണതെന്നും ഇത് വ്യക്തമാക്കുന്നു.

അനുഗ്യഹീതരായ ജനങ്ങളേ,
തർബിയത്തിലെ ഏറ്റവും ഫലപ്രദമായ മാർഗങ്ങളിൽ ഒന്നാണ്: മക്കളുടെ താല്പര്യങ്ങളെക്കുറിച്ചുള്ള ബോധപൂർവ്വമായ മേൽനോട്ടം, അവരുടെ ചിന്തകളെ മനസ്സിലാക്കൽ, അവരുമായി സംഭാഷണത്തിന്റെ വാതിലുകൾ തുറന്നിടൽ. അതിലൂടെ തടസ്സങ്ങൾ നീങ്ങുകയും സംസാരിക്കുമ്പോഴും ചർച്ച ചെയ്യുമ്പോഴും അവർക്ക് സുരക്ഷിതത്വം അനുഭവപ്പെടുകയും ചെയ്യും. അങ്ങനെ മാതാവോ പിതാവോ ഒരു കൂട്ടുകാരന്റെ രൂപത്തിലുള്ള രക്ഷിതാവായും, സഖാവിന്റെ വേഷത്തിലുള്ള ഉത്തരവാദിയായും മാറും–ഗംഭീരതയും സ്നേഹവും, ഉപദേശവും ചേർത്തുപിടിക്കലും സമന്വയിപ്പിച്ചുകൊണ്ട്. ഇബ്റാഹീം നബിയും മകൻ ഇസ്മാഈൽ നബിയും (അലൈഹിമാസ്സലാം) തമ്മിൽ നടന്ന ഈ സംഭാഷണം ചിന്തിച്ചുനോക്കൂ:

**{فَلَمَّا بَلَغَ مَعَهُ السَّعْيَ قَالَ يَابُنَيَّ إِنِّي أَرَى فِي الْمَنَامِ أَنِّي أَذْبَحُكَ فَانْظُرْ مَاذَا تَرَى قَالَ يَاأَبَتِ افْعَلْ مَا تُؤْمَرُ سَتَجِدُنِي إِنْ شَاءَ اللَّهُ مِنَ الصَّابِرِينَ} [الصافات: 102]**

*"അങ്ങനെ ആ കുട്ടി പ്രവാചകനോടൊപ്പം ഓടിനടക്കാവുന്ന പ്രായമെത്തിയപ്പോൾ ഇബ്റാഹീം പറഞ്ഞു: എന്റെ കൊച്ചുമകനേ, നിന്നെ ഞാൻ അറുക്കുന്നതായി സ്വപ്നത്തിൽ കാണുന്നു. അതിനാൽ നിന്റെ അഭിപ്രായം എന്താണെന്ന് നോക്കുക.*

*മകൻ പറഞ്ഞു: എന്റെ ഉപ്പാ, നിങ്ങളോട് കൽപിക്കപ്പെടുന്നത് എന്തോ അത് ചെയ്യുക. അല്ലാഹു ഉദ്ദേശിച്ചാൽ എന്നെ ക്ഷമിക്കുന്നവരുടെ കൂട്ടത്തിൽ താങ്കൾക്ക് കാണാം."*[അസ്-സ്വാഫ്ഫാത്ത്: 102]

യൂസുഫ് നബി (അ) ആ സ്വപ്നം കണ്ടപ്പോൾ തന്റെ രഹസ്യം സ്വന്തം പിതാവിനോടല്ലാതെ വെളിപ്പെടുത്തിയില്ല. കാരണം, സമാധാനം അനുഭവപ്പെടുന്നവരുടെ അടുത്താണ് രഹസ്യങ്ങൾ സൂക്ഷിക്കപ്പെടുന്നത്:

{إِذْ قَالَ يُوسُفُ لِأَبِيهِ يَاأَبَتِ إِنِّي رَأَيْتُ أَحَدَ عَشَرَ كَوْكَبًا وَالشَّمْسَ وَالْقَمَرَ رَأَيْتُهُمْ لِي سَاجِدِينَ} [يوسف: 4]
*"യൂസുഫ് തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം: എന്റെ ഉപ്പാ, പതിനൊന്ന് നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും എനിക്ക് സുജൂദ് ചെയ്യുന്നതായി ഞാൻ സ്വപ്നം കണ്ടിരിക്കുന്നു."*[യൂസുഫ്: 4]*(കവിത)*

لَيْسَ الْيَتِيمُ مَنْ انْتَهَى أَبَوَاهُ مِنْ    هَمِّ الْحَيَاةِ وَخَلَّفَاهُ ذَلِيلَا
إِنَّ الْيَتِيمَ هُوَ الَّذِي تَلْقَى لَهُ    أُمًّا تَخَلَّتْ أَوْ أَبًا مَشْغُولَا

ജീവിതഭാരം തീർന്ന് മാതാപിതാക്കൾ വിട്ടുപിരിഞ്ഞ്...
നിസ്സഹായനായി ഒറ്റപ്പെട്ടുപോയവനല്ല അനാഥൻ!

മറിച്ച്, ഉപേക്ഷിച്ചുപോയ ഒരു ഉമ്മയോ...
തിരക്കുപിടിച്ച ഒരു ഉപ്പയോ ഉള്ളവനാണ് യഥാർത്ഥ അനാഥൻ!

അല്ലാഹുവേ, മുസ്‌ലിംകളായ സ്ത്രീപുരുഷന്മാർക്ക്–അവരിൽ ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും–നീ പൊറുത്തുകൊടുക്കേണമേ.
ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് പ്രയാസങ്ങളെയും പകർച്ചവ്യാധികളെയും ദുരിതങ്ങളെയും ബുദ്ധിമുട്ടുകളെയും നീ ഉയർത്തേണമേ. ഞങ്ങൾക്ക് അനുഗ്രഹങ്ങൾ നിലനിർത്തിത്തരുകയും ശിക്ഷകളെ തടുക്കുകയും ചെയ്യേണമേ. ഞങ്ങളുടെ ആത്മാക്കളെ നീ ശുദ്ധീകരിക്കേണമേ, നീയാണ് അതിനെ ശുദ്ധീകരിക്കുന്നവരിൽ ഏറ്റവും ഉത്തമൻ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നന്മയും പരലോകത്ത് നന്മയും പ്രദാനം ചെയ്യേണമേ, നരകാശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കേണമേ.

അല്ലാഹുവേ, ഞങ്ങളുടെ ഭരണാധികാരിക്കും അദ്ദേഹത്തിന്റെ കിരീടാവകാശിക്കും നീ ഇഷ്ടപ്പെടുന്നതിനും തൃപ്തിപ്പെടുന്നതിനും തൗഫീഖ് നൽകേണമേ. നന്മയിലേക്കും തഖ്‌വയിലേക്കും അവരുടെ കരങ്ങളെ പിടിക്കേണമേ. ഈ നാടിനെയും മറ്റ് എല്ലാ മുസ്‌ലിം രാജ്യങ്ങളെയും ഭയരഹിതവും സമാധാനപൂർണ്ണവും ഐശ്വര്യപൂർണ്ണവുമാക്കേണമേ.

*(ജുമുഅ നിസ്കാരത്തിനായുള്ള മാതൃകാ ഖുതുബ തയ്യാറാക്കൽ കമ്മിറ്റി)*